# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1933
## 07.12.2015-ലെ മറുപടിക്ക്
## നെറ്റ്‌വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ. ടി.എം.തോമസ് ഐസക്ക് | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) | 2012-13 ലെ ബഡ്ജറ്റിൽ ട്രഷറി പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിച്ച്കൊണ്ട് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നെറ്റ് വർക്കിംഗ്, കോർബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ട്രഷറി നെറ്റ്‌വർക്കിംഗ്, കോർബാങ്കിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 2015 ഡിസംബർ 31-നകം പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ബഡ്ജറ്റിൽ ധനകാര്യ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്ന തെന്നും ഒരോന്നിനും എന്ത് തുക വകയിരുത്തിയിരുന്നുവെന്നും എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ; | ട്രഷറി, ഇൻഷ്വറൻസ്, നാഷണൽ സേവിംഗ്സ്, സ്റ്റേറ്റ് ആഡിറ്റ് എന്നീ വകുപ്പുകളാണ് ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 2012-13 ലെ ബജറ്റിൽ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കമ്പ്യൂട്ടർവത്ക്കരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ തുടർ പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.<br><br>തുടർ പദ്ധതികൾക്ക് തുടർന്നുള്ള വർഷങ്ങളിലും പണം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വർഷം പൂർത്തിയാക്കാത്ത പദ്ധതികളുണ്ടോ; ഇവയ്ക്കായി തുടർ വർഷങ്ങളിൽ പണം അനുവദി ച്ചിരുന്നോ; ഇവയിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ? | ധനകാര്യ വകുപ്പിനു കീഴിൽ Centre for Training in Financial Management (CTFM) വിപുലീകരിക്കുമെന്നും, മുതുകുളത്ത് പുതിയ ട്രഷറി ആരംഭിക്കുമെന്നും, കെ.എഫ്.സി. വഴി സംസ്ഥാന സ്വയം സംരംഭക മിഷൻ ആരംഭിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപി ച്ചിരുന്നു. ഇവയെല്ലാം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ